# FIRST YEAR HIGHER SECONDARY EXAMINATION

PART –I
മലയാളം
(MALAYALAM)
MAXIMUM:80 Scores

Time: 2 ½ Hours
Cool-off time:15 minutes

വിദ്യാർത്ഥികൾക്കുള്ള പൊതു നിർദ്ദേശങ്ങൾ:

- 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക
- ഉത്തരം എഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം
- 1 മുതൽ 27 വരെയുള്ള ചോദ്യങ്ങൾക്ക് പരമാവധി ലഭിക്കുക 80 സ്കോർ ആയിരിക്കും.

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങൾക്ക് ഏതെങ്കിലും 5 എണ്ണത്തിന് ശരിയായ 2 ഉത്തരം വീതം തിരഞ്ഞെടുത്തെഴുതുക. സ്കോർ 2 വീതം** **(5×2=10)**

1. 'ബൈസിക്കിൾ തീവ്സ്' എന്ന സിനിമക്ക് യോജിക്കാത്ത പ്രസ്താവന ഏത് ?
   - വിശദാംശങ്ങളിൽ പ്രകടമാവുന്ന ജീവിതബോധം
   - നൊമ്പരങ്ങൾക്കിടയിലും ചിരി
   - കൃത്രിമത്വം നിറഞ്ഞ മനുഷ്യ ചിത്രീകരണം
   - കഥാപാത്രങ്ങളുടെ അമിതാഭിനയം
2. "ഇങ്ങനെയുള്ള ഞാനെന്നെ മറക്കിലും നിങ്ങളേയൊന്നും മറക്കയില്ല" കൃഷ്ണഗാഥയിൽ ഇങ്ങനെ എന്നു വിശേഷിപ്പിക്കുന്ന കാര്യങ്ങൾ ഏതൊക്കെയാണ്?
   - കംസനിഗ്രഹത്തിനായിട്ടാണ് താൻ ജനിച്ചതെന്ന അറിവ്
   - ആറ്റിലും തീയിലും വീഴാതെ എന്നെ പോറ്റിവളത്തിയവർ നിങ്ങളാണ് എന്ന കാര്യം
   - പെറ്റു വളർത്തി തായായി നിന്നത് മറ്റാരുമല്ല എന്ന അറിവ്.
   - കാളിയനെ കൊന്നത് താനാണെന്ന അറിവ്
3. കാവ്യകലയെക്കുറിച്ച് ചില നിരീക്ഷണങ്ങൾ എന്ന ലേഖനത്തിൽ കവികൾക്ക് യോജിക്കുന്ന പ്രസ്താവനകൾ ഏതെല്ലാമാണ് ?

- ലോകത്തെ വളർന്നുകൊണ്ടിരിക്കുന്ന ഒരു ഓർക്കസ്ട്രയായി മാറ്റുന്നവർ
- സ്വാർത്ഥതയുടെ ഇടുങ്ങിയ ലോകങ്ങളിലേക്ക് ചുരുങ്ങുന്നവർ
- സാധാരണക്കാരന്റെ അനുഭവങ്ങളെ കാണാതെ പോകുന്നവർ
- മനുഷ്യന്റെ അനുഭവങ്ങൾക്ക് അതിരുകളില്ല എന്ന് വിളിച്ച് പറയുന്നവർ

4. ഊഞ്ഞാലിൽ എന്ന കവിതയിൽ " വീശുമീ നിലാവിന്റെ വശ്യ ശക്തിയാൽ" തോന്നുന്നവ
    - ദൽഹി കാണണം എന്ന ആഗ്രഹം
    - പെട്ടിയിൽ നിന്ന് പൂവെച്ച മോതിരം എടുത്ത് പ്രണയിനിയെ അണിയിക്കാൻ
    - പ്രിയതമയെ ഊഞ്ഞാലിൽ ഇരുത്തി ആട്ടണമെന്ന്
    - പ്രിയതമയുടെ പാട്ട് കേൾക്കണമെന്ന്.
5. ചുവടെ കൊടുത്തിട്ടുള്ളതിൽ "കായലരികത്ത്" എന്ന ഗാനത്തിലെ വാമൊഴിവഴക്കത്തിന്റെ പ്രയോഗങ്ങൾ ഏവ ?
    - ഒരു നറുക്കിന് ചേർക്കൽ
    - ഞണുങ്ങിയ വക്കാർന്നൊരു കഞ്ഞിപ്പാത്രം
    - കന്യയാരോമലാൾ
    - നെയ്ച്ചോറുബെച്ചത് തിന്നുവാൻ കൊതി
6. താഴെ കൊടുത്തിരിക്കുന്നതിൽ മുഹ്‌യ്ദ്ദീൻമാലയുടെ സവിശേഷതകൾ ഏവ?
    - കണ്ടുകിട്ടിയതിൽ ഏറ്റവും പഴയ അറബി മലയാള സാഹിത്യകൃതി
    - മോയിൻകുട്ടി വൈദ്യർ രചിച്ച കൃതി
    - കോഴിക്കോട് ജീവിച്ചിരിക്കുന്ന ഖാസി മുഹമ്മദ് എന്നയാൾ രചിച്ച കൃതി
    - മലബാർ കലാപത്തെക്കുറിച്ച് പറയുന്ന കൃതി.

**7 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഉത്തരമെഴുതുക. 2 മാർക്ക് വീതം** **(3×2=6)**

7. പൊൻത്തിടമ്പേറി ദേവൻ പെരുമാറുമപ്പെരും മസ്തക കടാഹത്തിൽ മന്ത്രിപ്പൂ പിശാചുക്കൾ – ഇതിന്റെ പൗരാണികമാനം എന്താണ് ?
8. വരുമല്ലലൊക്കെയും .....അല്ലലിന് കാരണമായി വരുന്നതെന്താണ് ?
9. "പുറപ്പെട്ടേടത്താണൊരായിരം കാതമവൾ നടന്നിട്ടും" എന്താണ് കവി അർത്ഥമാക്കുന്നത് ?
10. തീർച്ചയായും നമുക്ക് ജീവിക്കേണ്ടതിന് ഒരു ന്യായമുണ്ട്. ഏത് കൃതിയിൽ ആരാണിത് പറയുന്നത് ?

**11 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ആറെണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 മാർക്ക് വീതം** **(6×4=24)**

11. "വിചാര പരമായല്ല, വൈകാരികമായ മിത്തുകളെപ്പോലെയാണ് സിനിമ പ്രേഷകരിൽ പ്രവർത്തിക്കുന്നത്" അഭിപ്രായക്കുറിപ്പ് തയ്യാറാക്കുക
12. "എപ്പോഴോ കത്തിത്തീർന്ന ഒരു ചന്ദനത്തിരിയുടെ ഗന്ധമുണ്ടായിരുന്നു ആ മുറിയിൽ" ഓർമ്മയുടെ ഞരമ്പ് എന്ന കഥയിലെ വൃദ്ധയുടെ ജീവിതത്തെ പരാമർശിക്കുന്നതാണോ ഈ വാചകം" അഭിപ്രായക്കുറിപ്പ് തയ്യാറാക്കുക.
13. ശബ്ദങ്ങളുടെ ലോകത്തോടാണ് ഹസ്ന കേൾക്കുന്നുണ്ടോ എന്ന് വിളിച്ചു ചോദിക്കുന്നത്. കേൾക്കുന്നുണ്ടോ എന്ന ഹ്രസ്വചിത്രത്തിൽ തന്റേതായ രീതിയിൽ ഹസ്ന ലോകത്തെ നോക്കിക്കാണുന്നുണ്ടോ ? പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.
14. "എത്ര ദുർബലയാണ് താൻ, എത്ര ഹീനയാണ്! അന്ന് ആ ജനക്കൂട്ടത്തിലേക്കിറങ്ങി എന്തുകൊണ്ട് പറഞ്ഞില്ല...." തങ്കം നായർ ആത്മ വിമർശനത്തിൽ ഇങ്ങനെ വിഷമിക്കാൻ കാരണമെന്ത് ?
15. കാതിന്റെ കല എന്നതിൽ നിന്നും ചലചിത്രഗാനങ്ങൾ കണ്ണിന്റെ കലയായി മാറുന്നുണ്ടോ ? അഭിപ്രായക്കുറിപ്പ് തയ്യാറാക്കുക.
16. അമ്മയുടെ മന:സ്സമാധാനത്തിന് വേണ്ടിയാണെന്ന് ന്യായീകരണമില്ലെങ്കിൽ എനിക്ക് അങ്ങനെ കിടക്കാനുള്ള നിഷ്കളങ്കത ഒരിക്കലും കിട്ടുമായിരുന്നില്ല. കഥാകൃത്ത് ശസ്ത്രക്രിയ എന്ന കഥയിൽ ഇങ്ങനെ എഴുതുവാനുള്ള കാരണങ്ങൾ എന്തൊക്കെയാണ്.
17. 'വാസനാവികൃതി' എന്ന കഥയുടെ ആഖ്യാനസവിശേഷതകൾ എന്തൊക്കെയാണ്. വ്യക്തമാക്കുക.

**പതിനെട്ടു മുതൽ ഇരുപത്തൊന്നു വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 മാർക്ക് വീതം** **(3×6=18)**

18. ശ്രീനാരായാണ ഗുരുവിന്റെ സാമൂഹിക വീക്ഷണത്തിന്റെ കാതലായ ദർശനമാണ് 'അനുകമ്പ' – ലഘുഉപന്യാസം എഴുതുക
19. ജനനാന്തര സാന്ത്വനം – സന്ദർശനത്തിൽ പ്രണയത്തെ കവി ജനനാന്തര സാന്ത്വനമായി കാണുന്നു. പ്രണയനിരാസത്തെയും ഉൾക്കൊള്ളേണ്ടതിന്റെ സാധ്യത 'സന്ദർശനം' എന്ന കവിത ആരായുന്നുണ്ടോ? വിശകലനക്കുറിപ്പ് തയ്യാറാക്കുക.
20. കാടനുഭവം ഭാഷയിൽ ആവിഷ്കരിക്കുമ്പോൾ ഭാവനയുടെ നിറം കൂടി ചേരുന്നു. 'വേരുകൾ നഷ്ടപ്പെടുത്തുന്നവർ' എന്ന ലേഖനത്തെ ആസ്പദമാക്കി സമർത്ഥിക്കുക.
21. സൈക്കിൾ മോഷ്ടാക്കൾ എന്ന സിനിമയെ ആധുനിക കാലത്തും സവിശേഷമായി മാറ്റുന്ന ഘടകങ്ങൾ എന്തൊക്കെയാവും. വശകലനം ചെയ്യുക

**താഴെക്കൊടുത്തിരിക്കുന്ന കവിതാ ഭാഗം വായിച്ച് 22 മുതൽ 24 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക, 2 മാർക്ക് വീതം** **(3×2=6)**

കാവ്യക്കരുക്കളിൽ താരാട്ടുപാട്ടിന്റെ
യീണച്ചതിച്ചേലറിഞ്ഞു ചിരിച്ചൊരാൾ

ഞെട്ടിത്തെറിച്ചു തകർന്നു ചോദിക്കുന്നു
വിറ്റുവോ നീ എന്റെ ജീവിത ഭാഷയെ
ഓലയും നാരായവും കാഞ്ഞിരത്തിന്റെ
ചോലയിൽ വച്ചു നമിച്ചു തിരിഞ്ഞൊരാൾ
ആദിത്യ നേത്രം തുറന്നു ചോദിക്കുന്നു
ഏതു കടലിൽ എറിഞ്ഞു നീ ഭാഷയെ
ചിഞ്ചിലം നിന്ന് ചിലങ്കകളൂരീട്ട്
നെഞ്ചത്തു കൈവച്ചു
ചോദിക്കയാണൊരാൾ
ചുട്ടുവോ നീ എന്റെ കേരള ഭാഷയെ
(അമ്മ മലയാളം – കുരീപ്പുഴ ശ്രീകുമാർ)

22. എന്തിനെക്കുറിച്ചാണ് ഈ കവിതയിൽ പ്രതിപാദിക്കുന്നത്
23. എന്തൊക്കെ വച്ചാണ് കവി നമിക്കുന്നത്
24. "ചിഞ്ചിലം നിന്ന് ചിലങ്കകളൂരീട്ട്" എന്താണ് കവി ചോദിക്കുന്നത് ?

**25 മുതൽ 27 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക 8 സ്കോർ വീതം (2×8=16)**

25. " ഉദാത്തമായ മനുഷ്യസ്നേഹത്തിന്റെ ഈടുവെയ്പുകളാണ് സാഹിത്യകൃതികൾ"– പീലിക്കണ്ണുകൾ, ശസ്ത്രക്രിയ എന്നീ പാഠഭാഗങ്ങളുടെ അടിസ്ഥാനത്തിൽ ഉപന്യാസം തയ്യാറാക്കുക.
26. സ്വാതന്ത്ര്യം എന്ന ആശയത്തെ മത്സ്യവും ഓർമയുടെ ഞരമ്പും വ്യത്യസ്ത രീതിയിൽ കൈകാര്യം ചെയ്യുന്നുവോ ? വിശദമാക്കുക .
27. മനോഹരമായ ഒരു ജൈവ സംസ്കൃതിയെ കൈപ്പാട് എന്ന ഡോക്യുമെന്ററി പഠിപ്പിക്കുന്നുണ്ട്. ഏറ്റവും പ്രകൃത്യനുയോജ്യമായ ജീവിത രീതിയെക്കുറിച്ച് കൈപ്പാട് എന്ന ഡോക്യുമെന്ററിയെ മുൻനിർത്തി ഉപന്യാസം തയ്യാറാക്കുക.

.................


തയ്യാറാക്കിയവർ

- ഹരി.എ, ജി.എച്ച്.എസ്.എസ് പനമരം
- ഫാ.ബെന്നി, എസ്.എച്ച്.എച്ച്.എസ്.എസ് ദ്വാരക
- മുഹമ്മദ് ബഷീർ, ജി.എച്ച്.എസ്.എസ് തരിയോട്
- പ്രഷീന വി.ആർ, ജി.എച്ച്.എസ്.എസ്, വാളാട്
- മിനിമോൾ.എം.ബി, ജി.എച്ച്.എസ്.എസ് കണിയാമ്പറ്റ
- ഷാഹിന.പി.കെ ഡബ്ല്യു.ഒ.എച്ച്.എസ്.എസ് പിണങ്ങോട്
- സാലി.കെ.വി, സെൻജോസഫ്സ് എച്ച്.എസ്.എസ് കല്ലോടി
- ഷീല കെ.സി, എസ്.എച്ച്.എച്ച്.എസ്.എസ് ദ്വാരക